"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - എറണാകുളം ജില്ലയിലെ ചേരാനെല്ലൂർ ഗ്രാമ പഞ്ചായത്തിലെ സീനിയർ ക്ലർക്ക് ശ്രീമതി.സജ്ന ആർ ന്റെ ചികിത്സയ്ക്ക് എറണാകുളം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജി ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

G.O.(Rt) No.60/2025/LSGD തീയതി,തിരുവനന്തപുരം, 06-01-2025

---

പരാമർശം:-
1. 11/07/2012 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ.
2. 221.01.2016-ലെ G.O.(P) No.10/2016/H&FWD നമ്പർ ഉത്തരവ്.
3. ശ്രീമതി.സജ്ന ആർ ന്റെ 06.05.2022 - ലെ അപേക്ഷയും ബില്ലുകളും.
4. ചേരാനെല്ലൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 06.06.2022- ലെ12/1 നമ്പർ തീരുമാനം.
5. ജില്ലാ മെഡിക്കൽ ഓഫീസറുടെ 22.05.2024-ലെ സി3 -1227/ 2024 നം. കത്ത്.
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 27-08-2024 - ലെ LSGD/ PD/30469/2024-DEG1 നമ്പർ കത്ത്.

<u>ഉത്തരവ്</u>

എറണാകുളം ജില്ലയിലെ ചേരാനെല്ലൂർ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ സീനിയർ ക്ലർക്ക് ശ്രീമതി.സജ്ന ആർ ന്റെ ചികിത്സയ്ക്ക് എറണാകുളം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജി ആശുപത്രിൽ ചെലവായ 33,942/- രൂപ പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ, അനുബന്ധരേഖകൾ സഹിതം പരാമർശം (6) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

ജില്ലാ മെഡിക്കൽ ഓഫീസർ പരാമർശം (5) പ്രകാരം അപേക്ഷകയ്ക്ക് ചികിൽസായിനത്തിൽ ചെലവായ തുകയിൽ 11,712/-രൂപ (പതിനൊന്നായിരത്തി എഴുന്നൂറ്റി പന്ത്രണ്ട് രൂപ മാത്രം) മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പ്രസ്തുത തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം ചേരാനെല്ലൂർ ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ ചേരാനെല്ലൂർ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ സീനിയർ ക്ലർക്ക് ശ്രീമതി.സജ്ന ആർ ന്റെ ചികിത്സയ്ക്കായി 08.11.2021 മുതൽ 19.03.2022 വരെ എറണാകുളം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജി ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയിൽ ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയത അറിയിച്ചിട്ടുള്ള 11,712/- രൂപയുടെ 80% ആയ 9,370/- (ഒൻപതിനായിരത്തി മുന്നൂറ്റി എഴുപത് രൂപ മാത്രം) നിലവിലെ KGSMA ചട്ടം, 1960 -ലെ വ്യവസ്ഥകൾക്കും, പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തുന്നതിലേക്കായി ഈ ചികിൽസക്കുള്ള ബില്ലുകളിൽ അപേക്ഷകൻ 'Paid by Me'എന്നു രേഖപ്പെടുത്തി , ചികിത്സിച്ച ഡോക്ടറുടെ ഒപ്പ്, പേരും രജിസ്റ്റർ നമ്പരും വ്യക്തമാക്കുന്ന സീൽ, ആശുപത്രിയുടെ സീൽ എന്നിവ പതിപ്പിച്ചിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയതിനു ശേഷം മാത്രം എന്ന വ്യവസ്ഥയിലും സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിലും ടിയാൾ പ്രസ്തുത ചികിത്സയ്ക്ക് IFMA എടുത്തിട്ടില്ലെന്ന് ഉറപ്പുവരുത്തിയും, ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LEENA N P
ADDITIONAL SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം)

ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, എറണാകുളം. (പഞ്ചായത്ത് ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ), കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ.

സെക്രട്ടറി, ചേരാനെല്ലൂർ ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ല.

ശ്രീമതി.സജ്ന ആർ , സീനിയർ ക്ലർക്ക്, ചേരാനെല്ലൂർ ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ല. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്. (No.EPA3/481/2024-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 05-02-2025 11:06:59